**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** **13-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാസ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | **Shri E. P. Jayarajan** (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതൊക്കെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2019-20 ലെ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് 2019-20 ലെ ആഡിറ്റിനു മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്. 2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്. 3. ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്. 4. കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ്. 5. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്. 6. കേരളാ സിറാമിക്സ് ലിമിറ്റഡ് 7. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്. 8. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻസ്ട്രീസ് ലിമിറ്റഡ് 9. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ ആണ് ലാഭത്തിൽ പ്രവർത്തിച്ചത്. 1. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്. 2. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്. 3. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 4. ഫോറെസ്റ്റ് ഇൻസസ്ട്രീസ് ലിമിറ്റഡ്. 5. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്. 6. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. 7. മലബാർ സിമന്റ്സ് ലിമിറ്റഡ്. 8. കെ.എസ്.ഐ.ഡി.സി. |
| (സി) | പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് | (സി) | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നുണ്ട്. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും നൽകുന്നതിന് സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സുതാര്യമായ നിയമന നടപടികളനുസരിച്ച് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി സമയ ബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (ഡി) | പൊതുമേഖലയിൽ പുതിയ വ്യവസായസ്ഥാപനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ